പതിമൂന്നാം കേരള നിയമസഭ

2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1474 — 03-10-2011-ന് മറുപടി നൽകേണ്ടത്.

' നയപരമായ കാര്യങ്ങളിൽ നിലപാട് പ്രഖ്യാപിക്കുന്ന നടപടി '

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
| --- | --- |
| (എ). നയപരമായ കാര്യങ്ങളിൽ സർക്കാരിന്റെ നിലപാട് പ്രഖ്യാപിക്കുന്നതിനുള്ള അധികാരങ്ങൾ ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ ;<br><br>(ബി). മന്ത്രിമാരും ചീഫ് വിപ്പും നടത്തുന്ന പ്രഖ്യാപനങ്ങളോട് ഉത്തരവാദിത്വമുണ്ടോ ; | (എ) യും (ബി) യും<br><br>റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം നയപരമായ കാര്യങ്ങൾ എടുക്കുന്നത് മുഖ്യമന്ത്രിയും മന്ത്രിമാരുമടങ്ങിയ മന്ത്രിസഭയാണ്. അതിനാൽ ഇക്കാര്യങ്ങൾ പ്രഖ്യാപിക്കാനുള്ള അധികാരവും ഉത്തരവാദിത്തവും മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കുമാണ്. |
| (സി). മന്ത്രിമാർ നടത്തിയ ഏതെങ്കിലും പ്രഖ്യാപനങ്ങളും തീരുമാനങ്ങളും പിന്നീട് പിൻവലിക്കേണ്ടതായി വന്നിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നു ; | (സി).<br><br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി). പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ പൊതുഭരണ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നു; ഇത് മന്ത്രിമാർക്കും ബാധകമാക്കേണ്ട സാഹചര്യമുണ്ടോ ? | (ഡി).<br><br>ഉണ്ട്. അനുബന്ധമായി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

പൊതുഭരണ (ഏകോപന) വകുപ്പ്

നം.59319/സി ഡി എൻ2/09/ജി എ ഡി. തിരുവനന്തപുരം, തീയതി ,17-09-2009

**സർക്കുലർ**

വിഷയം:- പൊതുഭരണ വകുപ്പ് - പത്രക്കുറിപ്പുകൾ - പുറപ്പെടുവിക്കുന്നതിനെ സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ചില വകുപ്പുകളിൽ നിന്ന് പബ്ളിക് റിലേഷൻസ് വകുപ്പ് മുഖാന്തിരമല്ലാതെ നേരിട്ടുതന്നെ പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പത്രക്കുറിപ്പുകൾ വകുപ്പുതലവൻമാരോ മറ്റ് ഉദ്യോഗസ്ഥൻമാരോ നേരിട്ട് പത്രങ്ങൾക്ക് നൽകുന്നത് ആശാസ്യമായ ഒരു കീഴ്‌വഴക്കമല്ല; അനുവദനീയവുമല്ല. വിവിധ വകുപ്പുകളിൽനിന്ന് കാലാകാലങ്ങളിൽ ലഭിക്കുന്ന വിവരങ്ങൾ പത്രക്കുറിപ്പുകളുടെ രൂപത്തിൽ വാർത്താമാധ്യമങ്ങൾക്ക് നൽകുകയെന്നതു ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയാണ്. കേരള ഗവൺമെന്റ് സെർവന്റ്സ് കോണ്ടക്ട് റൂൾസിലെ ചട്ടം 58, അഖിലേന്ത്യാ സർവീസ് (കോൺടക്ട്) റൂൾസിലെ പ്രസക്തമായ ചട്ടങ്ങൾ എന്നിവ പ്രകാരം, സർക്കാർ ഉദ്യോഗസ്ഥൻമാർ അനുദ്യോഗസ്ഥരായവർക്കോ പത്രങ്ങൾക്കോ യാതൊരു ഔദ്യോഗിക വിവരവും നൽകുവാൻ പാടില്ലാത്തതാനും. അതിനാൽ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് മുഖാന്തിരം മാത്രമേ പത്രക്കുറിപ്പുകൾ ഇറങ്ങാവു എന്ന് നിർദ്ദേശം എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാണ്. വാർത്താപ്രാധാന്യമുള്ള സമ്മേളനങ്ങളോ, കൂടിക്കാഴ്ചകളോ നടക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പ് പബ്ളിക് റിലേഷൻസ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1987 ഒക്ടോബർ ആറിലെ 28240/സി1/87/പി ആർ നമ്പർ സർക്കുലർ ചുവടെ പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്ക്കരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജില്ലാ കളക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥരും ജില്ലാതല വകുപ്പുമേധാവികളും ദൈനംദിന പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി ദിവസേന പത്രസമ്മേളനം/ പ്രസ് ബ്രീഫിങ് നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ദൈനംദിന വകുപ്പുതല അറിയിപ്പുകളും വാർത്തകളും ഐ ആന്റ് പി ആർ വകുപ്പ് മുഖേന പത്രക്കുറിപ്പായി നൽകേണ്ടതാണ്.

(..................2)

[illegible] വകുപ്പുകളുടെ തലവൻമാർക്ക് അത്യാവശ്യ അറിയിപ്പുകൾ ജില്ലാ കളക്ടറുടെ അനുമതിയോടെ മാധ്യമങ്ങളെ നേരിട്ടറിയിക്കാവുന്നതാണ്. പ്രസ്തുത വിവരം ഐ ആന്റ് പി ആർ വകുപ്പിനെ അറിയിച്ചിരിക്കേണ്ടതാണ്.

**നീലാ ഗംഗാധരൻ**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
പൊതുഭരണ സെക്രട്ടറിയുടെ പി.എ.യ്ക്ക്.